E – 5029

(Pages : 4)

Reg. No. : ...............................

Name : ....................................

# Second Semester M.A. Degree Examination, October 2018
## Branch : Malayalam Language and Literature
## Paper – V-ML 221 : ADHUNIKA SAHITHYAM-GADYAM
## (Common for Malayalam Language and Literature and Malayalam with Media Studies)
## (2013 Admn. Onwards)

Time : 3 Hours Max. Marks : 75

I. **ഓരോ** ചോദ്യത്തിനും **രണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. **(7×3=21 മാർക്ക്)**

1) a) സമുദായ ശരീരത്തിലെ ജീർണ്ണിച്ച ഭാഗങ്ങളെ ഛേദിച്ചു കളയാൻ വേണ്ടി ചന്തു മേനോൻ ഒരുക്കിയ ശസ്ത്രമാണ് 'സൂരി നമ്പൂതിരിപ്പാട്' എന്ന കഥാപാത്രം – വ്യക്തമാക്കുക.

**അല്ലെങ്കിൽ**

b) 'ഇന്ദുലേഖയുടെ പ്രണയസങ്കൽപ്പം പാശ്ചാത്യ മാതൃകയോട് അടുത്തു നിൽക്കുന്നു' – ഈ പ്രസ്താവനയോട് നിങ്ങൾ എങ്ങനെ പ്രതികരിക്കുന്നു ?

2) a) "സത്യമില്ല-മാനമില്ല-മര്യാദയില്ല-മനുഷ്യരെക്കുറിച്ച് ദയയില്ല. എന്നിട്ടും രാജ്യം കൊതിക്കുന്നു. കോഴിയെ വളർത്താൻ കുറുക്കനെ ഏൽപ്പിക്കുന്നതു പോലെയാകും അങ്ങയെ രാജാവാക്കിയാൽ" – ആര് ആരോടു പറയുന്നതാണിത് ? സന്ദർഭമേത് ?

**അല്ലെങ്കിൽ**

b) 'ഭ്രാന്തൻ ചാന്നാൻ' എന്ന കഥാപാത്രം സി. വി. നോവലുകളിലെ അതിശയോക്തിക്ക് ഉത്തമോദാഹരണമാണ് – എങ്ങനെ ?

3) a) അധ:സ്ഥിതരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ മലയാള നോവൽ ശക്തി പ്രാപിച്ചതിന്റെ നേർസാക്ഷ്യമാണ് 'ഓടയിൽ നിന്ന്' – വിലയിരുത്തുക.

**അല്ലെങ്കിൽ**

b) തൊഴിലാളിയെ ചൂഷണം ചെയ്യുന്ന സമൂഹമാണ് 'ഓടയിൽ നിന്ന്' എന്ന നോവലിൽ പ്രതിസ്ഥാനത്ത് നിൽക്കുന്നത് – സമർത്ഥിക്കുക.

P.T.O.

gcwcentrallibrary.in

4) a) ആഗോളഗ്രാമത്തെക്കുറിച്ചുള്ള കഥാകൃത്തിന്റെ സ്വപ്നമാണ് 'ദ്വാരക' എന്ന കഥ – വിലയിരുത്തുക.

**അല്ലെങ്കിൽ**

b) ബഷീറിന്റെ സ്ത്രീപുരുഷ സങ്കൽപ്പം 'പൂവമ്പഴം' എന്ന കഥയെ മുൻനിർത്തി പരിശോധിക്കുക.

5) a) "ഒന്നുല്ല്യെങ്കിൽ ഈ ഉണ്ണിയെ സ്കൂളിൽ ചേർത്തു തരിക. ഉച്ചക്കഞ്ഞിയെങ്കിലും കിട്ടൂലോ....." – ആര് ആരോടാണ് ഇപ്രകാരം പറയുന്നത് ? സന്ദർഭം വിവരിക്കുക.

**അല്ലെങ്കിൽ**

b) പ്രണയത്തിന്റെ കാൽപ്പനികതയേയും വൈകാരികാനുഭൂതികളേയും തകർക്കുന്ന കഥയാണ് 'സ്ത്രീജന്മം' – സമർത്ഥിക്കുക.

6) a) പ്രഹസനത്തിന്റെ പൊതുസ്വഭാവങ്ങൾ എന്തെല്ലാം ?

**അല്ലെങ്കിൽ**

b) മനുഷ്യനെ മറ്റെല്ലാ ജീവജാലങ്ങളിൽ നിന്നും വ്യത്യസ്തനാക്കുന്നത് അവന്റെ ചിരിക്കാനുള്ള കഴിവാണ് – 'വെള്ളത്ത കുട്ടി' എന്ന കഥയെ മുൻനിർത്തി സമർത്ഥിക്കുക.

7) a) എൻ. പി. ചെല്ലപ്പൻ നായരുടെ 'ആറ്റം ബോംബ്' എന്ന പ്രഹസനത്തെ പരിചയപ്പെടുത്തുക.

**അല്ലെങ്കിൽ**

b) രക്തസാക്ഷിത്വത്തിൽ കെട്ടിപ്പിടിക്കുന്ന ഒരു രാഷ്ട്രീയാധികാര ശക്തിയുടെ ഭീകരമുഖം 'കലി' എന്ന നാടകത്തെ സാർവകാലിക പ്രസക്തിയുള്ളതാക്കി ത്തീർക്കുന്നു – ചർച്ച ചെയ്യുക.

II. **ഓരോ** ചോദ്യത്തിനും **നാലു**പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. **(5×6=30 മാർക്ക്)**

8) a) ഒരു വ്യക്തിയുടെ ആത്മകഥ ഒരു കാലഘട്ടത്തിന്റെ സാംസ്കാരിക വ്യവഹാരം കൂടിയായി മാറുന്ന കാഴ്ച സി. കേശവന്റെ 'ജീവിതസമര'ത്തിൽ കാണാം – സമർത്ഥിക്കുക.

**അല്ലെങ്കിൽ**

b) സി. വി. രാമൻപിള്ളയുടെ സമഗ്രജീവിതത്തെ പ്രതിഫലിപ്പിക്കാൻ പി. കെ. പരമേശ്വരൻ നായരുടെ ജീവചരിത്ര കൃതിക്ക് സാധിച്ചിട്ടുണ്ടോ ? ചർച്ച ചെയ്യുക.

gcwcentrallibrary.in

9) a) ജന്മിത്വത്തിന്റെ തകർച്ചയിൽ വ്യക്തി സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്ന പുതിയൊരു തലമുറയുടെ സജീവസാന്നിധ്യം 'ഇന്ദുലേഖ' യിൽ കാണാം – സ്പഷ്ടമാക്കുക.

**അല്ലെങ്കിൽ**

b) സി. വി. യുടെ സ്ത്രീത്വസങ്കൽപ്പം 'മാർത്താണ്ഡവർമ്മ'യിലെ സുഭദ്രയെ മുൻനിർത്തി പരിശോധിക്കുക.

10) a) ശാസ്ത്രം പോലെ തന്നെ കൃഷിയും മതേതരമായിരിക്കണമെന്ന കാഴ്ചപ്പാട് ഇടശ്ശേരിയുടെ 'കൂട്ടുകൃഷി' എന്ന നാടകത്തിൽ എപ്രകാരം പ്രതിഫലിക്കുന്നു ?

**അല്ലെങ്കിൽ**

b) വ്യക്തിയിൽ നിന്നും കുടുംബത്തിലേക്കും അവിടെ നിന്നും സമൂഹത്തിലേക്കും വ്യാപിക്കുന്നതാണ് 'കന്യക' എന്ന നാടകത്തിലെ പ്രശ്നം – ചർച്ച ചെയ്യുക.

11) a) 'ബാലിദ്വീപ്' എന്ന കൃതിയെ മുൻനിർത്തി എസ്. കെ. പൊറ്റെക്കാടിന്റെ യാത്രാ വിവരണശൈലിയെക്കുറിച്ച് ഉപന്യസിക്കുക.

**അല്ലെങ്കിൽ**

b) ഇ. വി. കൃഷ്ണപിള്ളയുടെ 'പെണ്ണരശു നാട്' എന്ന പ്രഹസനത്തിന്റെ പ്രസക്തി ചർച്ച ചെയ്യുക.

12) a) ശക്തമായ ഒരു ആക്ഷേപഹാസ്യരചനയാണ് പൊൻകുന്നം വർക്കിയുടെ 'മോഡൽ' എന്ന ചെറുകഥ – എങ്ങനെ ?

**അല്ലെങ്കിൽ**

b) ഒരു കഥയുടെ സൗന്ദര്യപരമായ അതിരുകൾക്കുള്ളിൽ അസ്വാഭാവികമായതിനെപ്പോലും കലാകാരന്റെ പ്രതിഭ സ്വാഭാവികമാക്കി മാറ്റും എന്നതിന് മികച്ച ദൃഷ്ടാന്തമാണ് തകഴിയുടെ 'വെള്ളത്ത കുഞ്ഞ്' എന്ന കഥ – സമർത്ഥിക്കുക.

III. **ഓരോ** ചോദ്യത്തിനും **അഞ്ചു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. **(3×8=24 മാർക്ക്)**

13) a) 'സി. വി. യുടെ ചരിത്രാഖ്യായികകൾ ജനതയുടെ ചരിത്രം ഉൾക്കൊള്ളുന്നില്ല – പ്രഭുത്വത്തിന്റെ വീരഗാഥയാണ് സി. വി. കൃതികൾ' എന്ന പ്രസ്താവനയോട് നിങ്ങൾ എങ്ങനെ പ്രതികരിക്കുന്നു ?

**അല്ലെങ്കിൽ**

b) 'ഇന്ദുലേഖ' എന്ന നോവൽ ഒരു സാമൂഹ്യനോവലോ ? റൊമാൻസോ ? ചർച്ച ചെയ്യുക.

qpcentrallibrary.in

14) a) അനന്തമായി വേളികഴിപ്പാൻ അവകാശമുള്ള പുരുഷന്മാരെയും കൗമാരത്തിലേ വിധവകളായി ജീവിതം നിഷേധിക്കപ്പെട്ട സ്ത്രീകളേയും വെച്ചു പുലർത്തിയിരുന്ന ഒരു സമുദായത്തിന്റെ വൈരുദ്ധ്യമാർന്ന നീതിശാസ്ത്രത്തിനു നേരെ വിരൽ ചൂണ്ടുന്ന കഥയാണ് കാരൂരിന്റെ 'പൂവമ്പഴം' – സമർത്ഥിക്കുക.

**അല്ലെങ്കിൽ**

b) മലയാളത്തിലെ വാമൊഴി കഥാപാരമ്പര്യത്തെക്കുറിച്ച് വിവരിക്കുക.

15) a) മധ്യതിരുവിതാംകൂറിലെ ക്രൈസ്തവജീവിതം 'മറിയാമ്മനാടക'ത്തിൽ പ്രതിഫലിക്കുന്നതെങ്ങനെ ? വിശദീകരിക്കുക.

**അല്ലെങ്കിൽ**

b) 'മരണം ഒരു വലിയ തമാശയാണെന്ന' കീർക്കിഗോറിന്റെ സങ്കൽപ്പത്തെ അനുസ്മരിപ്പിക്കുന്ന നാടകമാണ് സി. ജെ. തോമസിന്റെ "1128 ൽ ക്രൈം 27" – സമർത്ഥിക്കുക.

______________

gcwcentrallibrary.in